വൈദ്യുതി ഉൽപ്പാദനം

* 167 [170] ശ്രീ. സിറിയക് ജോൺ:
,, ടി.പി.പീതാംബരൻ മാസ്റ്റർ:
,, എ.സി.ഷൺമുഖദാസ്:
,, ഇ.ജെ.ലൂക്കോസ്:
,, വി.വി.ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ പ്രതിമാസം ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി എത്രയാണ്;

(ബി) ഇത് സംസ്ഥാനത്തിന്റെ ആവശ്യത്തിന്റെ എത്ര ശതമാനം വരും;

(സി) ഒരുവർഷം നമ്മുടെ വൈദ്യുതി ഉൽപ്പാദനം എത്ര യൂണിറ്റാണ്;

(ഡി) 1976-ൽ ഇടുക്കി പദ്ധതി കമ്മീഷൻ ചെയ്തതിനു ശേഷം വൈദ്യുതി ഉൽപ്പാദനം വർദ്ധിച്ചിട്ടുണ്ടോ;

(ഇ) ബാക്കി ആവശ്യത്തിനുവേണ്ടി എവിടെ നിന്നാണ് വൈദ്യുതി വാങ്ങുന്നത്?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ.ആർ.ബാലകൃഷ്ണപിള്ള):

(എ) 1986 മേയ് മാസം വരെ ശരാശരി പ്രതിമാസ വൈദ്യുതി ഉൽപ്പാദനം 460 ദശലക്ഷം യൂണിറ്റായിരുന്നു. എന്നാൽ ജൂണിൽ പവ്വർകട്ട് ഏർപ്പെടുത്തിയതുമുതൽ ഇത് പ്രതിദിനം ശരാശരി 73 ലക്ഷം യൂണിറ്റായി കുറഞ്ഞിട്ടുണ്ട്.

(ബി) 1986 ജൂൺ 13-ൽ ഏർപ്പെടുത്തിയ പവ്വർകട്ടിനു മുൻപ് സംസ്ഥാനത്തെ വൈദ്യുതി ഉൽപ്പാദനം ഇവിടത്തെ ആവശ്യത്തിനു മതിയായിരുന്നു. എന്നാൽ പവർകട്ട് ഏർപ്പെടുത്തിയതിനുശേഷം സാധാരണ നിലയിലുള്ള ആഭ്യന്തര ഉപയോഗത്തിന്റെ ഏകദേശം 47 ശതമാനം മാത്രമാണ് ഇവിടത്തെ വൈദ്യുതി ഉൽപ്പാദനം. നിയന്ത്രിത ഉപയോഗത്തിന്റെ 80 ശതമാനവും.

(സി) ഡിസൈൻ പ്രകാരം 4950 ദശലക്ഷം യൂണിറ്റാണ്.

(ഡി) ഉണ്ട്.

(ഇ) സാധാരണഗതിയിൽ വൈദ്യുതി വാങ്ങേണ്ട ആവശ്യമില്ല.

സൈലൻറ് വാലി പദ്ധതിക്ക് പകരമുള്ള പദ്ധതി

* 168 [171] ശ്രീ. ഇ.പത്മനാഭൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈലൻറ്വാലി പദ്ധതിക്ക് അനുമതി നിഷേധിക്കുമ്പോൾ അതിനു പകരം മറെറാരു പദ്ധതി കേന്ദ്രഗവൺമെൻറ് വാഗ്ദാനം ചെയ്തിരുന്നുവോ;

(ബി) ഇതിനായി ഏതെങ്കിലും ബദൽ പദ്ധതി സമർപ്പിച്ചിരുന്നുവോ;

LIBRARY ARCHIVES Kerala Legislative Assembly